# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1941 16.06.2014 ൽ മറുപടിക്ക്

## കുറ്റമറ്റ ട്രാഫിക് സംവിധാനത്തിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ കുറ്റമറ്റ ട്രാഫിക് സംവിധാനം ഏർപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) | കേരളത്തിൽ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും റോഡ് സൗകര്യങ്ങളും, ട്രാഫിക് പോലീസുകാരുടെ എണ്ണവും അതിനനുസരിച്ച് വർദ്ധിച്ചിട്ടില്ല. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വളരെ തീവ്രമായ വാഹന പരിശോധനകളും, മറ്റു നടപടികളും പോലീസ് വകുപ്പ് കൈകൊണ്ടുവരുന്നു. ഹൈവേയിൽ അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി ഹൈവേകളുമായി അടുത്തിടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തികൊണ്ട് വിവിധ സംഘടനകളുടെ സജീവ പങ്കാളിത്തത്തോടെ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഹൈവേ ഓരങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് റോഡ് സുരക്ഷാ ക്ലാസ്സുകൾ ഹൈവേ പോലീസ് എസ്.ഐ മാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു.<br>ട്രാഫിക് മേഖലയിൽ പ്രവൃത്തിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന (കേരളാ പോലീസ് അക്കാഡമി, എഞ്ചിനീയറിംഗ് സ്റ്റാഫ് കോളേജ് എന്നിവ) നൽകി വരുന്നു. കൂടാതെ ഹൈവേ പട്രോൾ വാഹനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിനുപുറമേ ഇന്റർസെപ്റ്റർ വെഹിക്കിൾസ്, ട്രാഫിക് കോണുകൾ, റിഫ്ളക്റ്റീവ് ജാക്കറ്റസ്, വാണിംഗ് ബ്ലിങ്കേഴ്സ്, ക്യാമറകൾ, സെർച്ച് ലൈറ്റുകൾ മുതലായ ആധുനിക ഉപകരണങ്ങൾ വാങ്ങി ഉപയോഗിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിൽ നിന്നും റോഡ് സുരക്ഷ ഏർപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഈ സർക്കാർ അധികാരമേറ്റശേഷം റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിൽ നിന്നും 68,29,48,287/- (അറുപത്തി എട്ട് കോടി ഇരുപത്തി ഒമ്പത് ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി ഇരുന്നൂറ്റി എൺപത്തി ഏഴ് രൂപ) റോഡ് സുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തുന്നതിനായി പോലീസ്, മോട്ടോർ വാഹന, പൊതുമരാമത്ത്, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾക്കും, നാട്പാക്ക്, കെൽട്രോൺ എന്നി സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി വച്ചിരിക്കുന്നു. |
| (സി) | ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | | |
| (ഡി) | ഹൈവേ പട്രോൾ വാഹനങ്ങളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | ട്രാഫിക് മേഖലയിൽ പ്രവൃത്തിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന (കേരളാ പോലീസ് അക്കാദമി, എഞ്ചിനീയറിംഗ് സ്റ്റാഫ് കോളേജ് എന്നിവ) നൽകി വരുന്നു. കൂടാതെ ഹൈവേ പട്രോൾ വാഹനങ്ങളിൽ പ്രത്യേക പരിശീലനം നൽകിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്